**അനുബന്ധം 1**

<u>സബ്മിഷൻ</u>

**(1)** <u>ശ്രീ. പ്രമോദ് നാരായൺ എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ മറുപടി</u>

പട്ടയ വ്യവസ്ഥകളിൽ ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച SRO 621/2017 നോട്ടിഫിക്കേഷൻ അനുസരിച്ച് കർഷകർ നട്ടുവളർത്തിയതും പട്ടയഭൂമിയിൽ നിലനിർത്തിയതുമായ ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളുടെയും ഉടമസ്ഥാവകാശം പട്ടാദാർക്കാണെന്നും SRO 621/2017 നോട്ടിഫിക്കേഷൻ 17-08-2017 മുതൽ നിലവിലുള്ളതിനാൽ പഴയ പട്ടയഫോറത്തിലുള്ള വ്യവസ്ഥകൾ 17-08-2017 മുതൽ കണക്കാക്കേണ്ടതില്ലെന്നും വ്യക്തമാക്കിക്കൊണ്ട് U3/187/2019/REV തീയതി 11-03-2020 പരിപത്രം പുറപ്പെടുവിച്ചിരുന്നു. എന്നാൽ, ഈ വിഷയത്തിൽ പലതരത്തിലുള്ള ആശയക്കുഴപ്പങ്ങൾ നിലനിൽക്കുന്നതായി ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന്, 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾപ്രകാരം പതിച്ചുനൽകിയ ഭൂമിയിൽ കർഷകർ വച്ച്

പിടിപ്പിച്ചതും സ്വമേധയാ കിളിർത്തുവന്നതും പതിച്ച് ലഭിക്കുന്ന സമയത്ത് വൃക്ഷവില അടച്ച് റിസർവ് ചെയ്തതുമായ ചന്ദനം ഒഴികെയുള്ള മരങ്ങളുടെ അവകാശം കർഷകർക്ക് മാത്രമാണെന്നും അപ്രകാരമുള്ള മരങ്ങൾ അവർക്ക് മുറിക്കാവുന്നതാണെന്നും അതിന് പ്രത്യേകിച്ച് അനുവാദം വാങ്ങേണ്ടതില്ലായെന്നും വ്യക്തമാക്കി 24-10-2020-ലെ G.O.(Ms).261/2020/RD ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മേൽ പരിപത്രവും ഉത്തരവും ചോദ്യം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ കേസുകൾ വരികയും 1964-ലെ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരമുള്ള പട്ടയഭൂമിയിലെ ഷെഡ്യൂൾഡ് വൃക്ഷങ്ങളെ സംബന്ധിച്ച് പട്ടയ ഫോറത്തിൽ 17-08-2017 തീയതിക്കുശേഷം നിബന്ധനകൾ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാലും 1996-ലെ The Kerala Preservation of Trees Act-ലെ 'Tree' എന്നതിന്റെയും 2005-ലെ The Kerala Promotion of Tree Growth In Non-Forest Areas Act-ലെ "Specified Tree’ ’ എന്നതിന്റെയും നിർവചനങ്ങളും പ്രസ്തുത നിയമങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും 1964-ലെ ഭൂമിപതിവ് ചട്ടങ്ങളിൽനിന്നും വിഭിന്നങ്ങളാകയാലും 24-10-

2020-ലെ G.0.(Ms)No.261/2020/RD ഉത്തരവ് തെറ്റായി വ്യാഖ്യാനിച്ച്, പട്ടയത്തിലെ ഷെഡ്യൂൾപ്രകാരം റിസർവ് ചെയ്തിരുന്ന മരങ്ങളും മുറിക്കുന്നതായുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാലും പതിച്ചുനൽകുന്ന ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതും അതിന്റെ നിബന്ധനകളും 1964-ലെ ഭൂമിപതിവ് ചട്ടങ്ങൾ മുഖേന വ്യവസ്ഥ ചെയ്യപ്പെടേണ്ടവയാകയാലും 1964-ലെ കേരളാ ഭൂമിപതിവ് ചട്ടങ്ങൾപ്രകാരം പതിച്ചുനൽകിയ പട്ടയ ഭൂമിയിലെ ചന്ദനം ഒഴികെയുള്ള മരങ്ങൾ സംബന്ധിച്ച നിർദേശങ്ങൾ ഉൾപ്പെടുത്തി പുറപ്പെടുവിച്ച 11-03-2020-ലെ പരിപത്രവും 24-10-2020-ലെ ഉത്തരവും റദ്ദ് ചെയ്തുകൊണ്ട് 02-02-2021-ലെ G.O.(Ms).No.30/2021/RD ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

1964-ലെ ഭൂമിപതിവ് ചട്ടപ്രകാരം, പതിച്ചുനൽകിയ ഭൂമിയിൽ കർഷകർ നട്ട് വളർത്തിയതും കിളിർത്ത് വരുന്നതുമായ വൃക്ഷങ്ങൾ മുറിക്കുന്നതിന് മാത്രമായി വിലക്ക് ഏർപ്പെടുത്തിയിട്ടില്ലെങ്കിലും പ്രസ്തുത ചട്ടപ്രകാരം നൽകുന്ന പട്ടയങ്ങളിൽ പട്ടയം നൽകുന്ന സമയത്ത് ടി ഭൂമിയിൽ ഉള്ളതും പിന്നീട് കിളിർത്ത് വരുന്നതുമായ രാജകീയ വൃക്ഷങ്ങൾ (തേക്ക്, ഈട്ടി, ചന്ദനം, എബണി) സർക്കാരിൽ നിക്ഷിപ്തമാണെന്ന

വ്യവസ്ഥയിലാണ് നിലവിൽ പട്ടയം നൽകുന്നത്. ഇതിനായി ഷെഡ്യൂൾഡ് വൃക്ഷങ്ങളെ സംബന്ധിച്ച് പട്ടയ ഫോറത്തിൽ നിബന്ധനകൾ ഉൾപ്പെടുത്തിക്കൊണ്ട് 20-01-2026-ലെ G.O.(P).No.28/2026/RD നമ്പർ ഉത്തരവുപ്രകാരമുള്ള SRO 109/2026 നമ്പർ നോട്ടിഫിക്കേഷൻ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കർഷകർ നട്ടുവളർത്തിയതും കിളിർത്തുവരുന്നതുമായ വൃക്ഷങ്ങളുടെ അവകാശം കർഷകർക്കാണെന്ന് വ്യക്തമാക്കുന്ന രീതിയിൽ ചട്ടഭേദഗതി വരുത്തുന്ന വിഷയം സർക്കാരിന്റെ അതീവ പരിഗണനയിലാണ്.

**അനുബന്ധം 2**

(2) ശ്രീ. ഇ. കെ. വിജയൻ എം.എൽ.എ. ഉന്നയിച്ച സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി നൽകിയ മറുപടി

വയനാടിന് നൽകുന്ന സഹായമെല്ലാം വിലങ്ങാടിനും നൽകുമെന്ന് പറഞ്ഞിട്ടുള്ള സാഹചര്യത്തിൽ വയനാട് ഉരുൾപൊട്ടലിൽപ്പെട്ടവരുടെ കടം എഴുതി തള്ളിയതുപോലെ വിലങ്ങാട് ദുരന്തബാധിതരുടെ കടം എഴുതി തള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യത്തിൽ സർക്കാരിന് അനുകൂല സമീപനമാണുള്ളത്.

നാളിതുവരെ വിലങ്ങാട് ദുരന്തബാധിതരുടെ വിഷയത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാടുകൾതന്നെ ഇത് വ്യക്തമാക്കുന്നു. ദുരന്തം നടന്ന ഉടൻതന്നെ ഓരോ കുടുംബത്തിനും 10,000 രൂപ വീതം 488 കുടുംബങ്ങൾക്ക് 48,80,000 രൂപ അനുവദിക്കുകയുണ്ടായി. തുടർന്ന് ദുരന്തബാധിതരിൽ ജീവനോപാധി നഷ്ടപ്പെട്ട 37 കുടുംബങ്ങളിലെ 74 പേർക്കും മൂന്ന് കച്ചവടക്കാർക്കും പ്രതിമാസം 300 രൂപ നിരക്കിൽ മൂന്നുമാസത്തേക്ക് 20,79,000 രൂപ അനുവദിക്കുകയുണ്ടായി. തുടർന്ന് ജീവനോപാധി വീണ്ടും നൽകുകയും ചെയ്തു. കൂടാതെ മരണമടഞ്ഞ മൂന്നുപേരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപ വീതം SDRF-ൽനിന്നും 2 ലക്ഷം രൂപ വീതം CMDRF-ൽനിന്നും ആകെ 18 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിലങ്ങാട് ലിഡാർ സർവെ നടത്തുന്നതിന് 2,36,0000 രൂപയും Landslide susceptibility mapping പഠന റിപ്പോർട്ടിനായി 5 ലക്ഷം രൂപയും അനുവദിച്ചുകഴിഞ്ഞു. കൃഷിഭൂമി നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം അനുവദിക്കുന്നതിന് 11,24,950 രൂപയും കാർഷിക വിളകളുടെ നാശനഷ്ടത്തിന് 11,63,870 രൂപയും അനുവദിച്ചിട്ടുണ്ട്. കുടുംബങ്ങളുടെ വാടക ഇനത്തിൽ ആകെ

30,19,800 രൂപയും അനുവദിച്ചിട്ടുണ്ട്. ചെളിയും അവശിഷ്ടങ്ങളും മാറ്റാനും ആവശ്യമായ പണം അനുവദിച്ചിട്ടുണ്ട്.

01-08-2025-ലെ സ.ഉ.(കൈ)നം14/2025/ഡി.എം.ഡി. ഖണ്ഡിക VI പ്രകാരം വിലങ്ങാട് ദുരന്തബാധിതർക്ക് നൽകുന്ന നഷ്ടപരിഹാരത്തെക്കുറിച്ച് ഉത്തരവായിരുന്നു. ആയതിൽ ചൂരൽമല ദുരന്തബാധിതർക്ക് അനുവദിച്ചതിന് സമാനമായി വിലങ്ങാട് ദുരന്തബാധിതർക്കും നഷ്ടപരിഹാരം നൽകേണ്ടതിന്റെ ആവശ്യകത സർക്കാർ പരിഗണിക്കുകയും ചൂരൽമല ദുരന്തബാധിതർക്ക് അനുവദിച്ചതിന് സമാനമായി ചികിത്സാ ധനസഹായ ഫണ്ട്, വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭകർക്കുമുള്ള നഷ്ടപരിഹാരം എന്നിവ അനുവദിക്കുന്നതിനാണ് ഉത്തരവായിരുന്നത്. ആയതിൽ ദുരന്തബാധിതർക്കുള്ള കടം എഴുതിത്തള്ളുന്ന വിഷയം പ്രതിപാദിച്ചിരുന്നില്ല. എന്നിരുന്നാലും വിലങ്ങാട് ദുരന്ത ബാധിതർക്കുകൂടി ഇത്തരത്തിൽ സഹായം നൽകുന്നകാര്യം ജില്ലയിൽനിന്നും ഈ ആവശ്യത്തിനായി വായ്പാബാധ്യതയുടെ വിശദാംശങ്ങൾ അടങ്ങിയ ഒരു ശിപാർശ വാങ്ങി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

**അനുബന്ധം 3**

(3) <u>ശ്രീ. കെ. ജെ. മാക്സി എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടി</u>

കൊച്ചി കോർപ്പറേഷനിലെ 30 ഡിവിഷനുകളും ചെല്ലാനം, കുമ്പളങ്ങി എന്നീ പഞ്ചായത്തുകളുമാണ് കൊച്ചി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നത്. ആലുവയിൽ സ്ഥിതിചെയ്യുന്ന നാല് ജലശുദ്ധീകരണശാലകളിലായി ഉൽപാദിപ്പിക്കപ്പെടുന്ന 225 എം.എൽ.ഡി. ജലം ലഭ്യമാകുന്നതിൽ നിന്നാണ് കൊച്ചി കോർപ്പറേഷനിലേക്കും സമീപ പഞ്ചായത്തുകളിലേക്കും കുടിവെള്ള വിതരണം നടത്തിവരുന്നത്. നിലവിൽ അനുവദനീയമായതിലും 30 ശതമാനം അധിക ജലം ഉൽപാദിപ്പിച്ച് 290 എം.എൽ.ഡി. ജലം വിതരണം ചെയ്തുപോരുന്നു. കൂടാതെ എളംകുളം, പെരുമാനൂർ എന്നീ പമ്പ് ഹൗസിൽനിന്നും മരടിൽ സ്ഥാപിച്ചിട്ടുള്ള 100 എം.എൽ.ഡി. പദ്ധതിയിൽനിന്നും കൊച്ചിയിലേക്ക് വെള്ളം വിതരണം ചെയ്യുന്നുണ്ട്. അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന കൊച്ചി കോർപ്പറേഷനും സമീപ പ്രദേശങ്ങൾക്കും ആവശ്യമായ തോതിൽ ഗാർഹിക, വാണിജ്യ ആവശ്യങ്ങൾക്കുള്ള ജലം നിലവിൽ അപര്യാപ്തമാണ്.

അമൃത് പദ്ധതിവഴി കോർപ്പറേഷൻ പരിധിയിൽ കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി അതിവേഗം പൂർത്തിയായിവരുന്നു. കൊച്ചി കോർപ്പറേഷൻ ഒന്നാം ഡിവിഷനിലെ ഫോർട്ട് വൈപ്പിൻ ഭാഗത്ത് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി AMRUT 1 പദ്ധതിയിൽപ്പെടുത്തി പ്രദേശത്തെ മുഴുവൻ പൈപ്പ്ലൈനുകളും മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയും നടന്നുകൊണ്ടിരിക്കുകയാണ്.

രൂക്ഷമായ കുടിവെള്ളക്ഷാമം കൊച്ചിയിലും സമീപ പഞ്ചായത്തുകളിലും അനുഭവപ്പെടുമെന്ന് മുൻകൂട്ടിക്കണ്ട് 2050 വരെയുള്ള ഉപഭോഗ ഡിമാന്റ് കണക്കാക്കിയാണ് പ്രവൃത്തികൾ നടപ്പിലാക്കിവരുന്നത്. ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽനിന്നുള്ള വായ്പ വിനിയോഗിച്ച് തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള 'കേരള അർബൻ വാട്ടർ സർവീസ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റ് (KUWSIP)' പദ്ധതിക്കായി 2,511 കോടി രൂപയുടെ ഭരണാനുമതി 07-02-2020-ലെ GO(Ms)No. 13/2020/WRD ഉത്തരവുപ്രകാരം നൽകിയിട്ടുണ്ട്. ആലുവയിൽ 190 എം.എൽ.ഡി. പ്ലാന്റ് നിർമ്മിക്കുന്ന പദ്ധതിക്കായി ടി പ്രോജക്ടിൽ ഉൾപ്പെടുത്തി, പദ്ധതിക്ക്

നൽകിയിട്ടുള്ള ആകെ ഭരണാനുമതി തുകയിൽ മാറ്റം വരുത്താതെ ആലുവയിൽ 190 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി പ്രത്യേകം നൽകുമെന്ന വ്യവസ്ഥയിൽ പുതുക്കിയ ഘടകങ്ങളുടെ സ്റ്റേറ്റ്മെന്റ് 17-05-2025-ലെ G.O. (Ms) No. 38/2025/WRD പ്രകാരം സർക്കാർ അംഗീകരിച്ചു. കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ സമർപ്പിച്ച ആലുവയിലെ 190 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെയും അനുബന്ധ പ്രവർത്തനങ്ങളുടെയും നിർമ്മാണത്തിനായുള്ള 523 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. ഭരണാനുമതി നൽകുന്നമുറയ്ക്ക് കേരള വാട്ടർ അതോറിറ്റി സാങ്കേതികാനുമതി നൽകുകയും ദർഘാസ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമാണ്. പുതിയ ജലശുദ്ധീകരണശാല നിലവിൽ വരുമ്പോൾ കൊച്ചി കോർപ്പറേഷനും ആലുവ, ഏലൂർ തൃക്കാക്കര, കളമശ്ശേരി, മരട് എന്നീ 5 മുനിസിപ്പാലിറ്റികൾക്കും കീഴ്മാട്, എടത്തല, ചൂർണിക്കര, ഞാറയ്ക്കൽ, എളംകുന്നപ്പുഴ, മുളവുകാട്, നായരമ്പലം, വരാപ്പുഴ, ചേരാനെല്ലൂർ,

കുമ്പളം, ചെല്ലാനം, കുമ്പളങ്ങി, കടമക്കുടി എന്നീ 13 ഗ്രാമപഞ്ചായത്തുകൾക്കും പ്രയോജനപ്പെടുന്നതാണ്.

ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽനിന്നുള്ള വായ്പ വിനിയോഗിച്ച് തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും അടങ്ങുന്ന Water Supply System Operations and Maintenance and System Upgrades in Kochi) പ്രവൃത്തിക്കുള്ള കരാർ, L1 ബിഡറായ M/s SUEZ Projects Pvt. Ltd. JV with M/s SUEZ Eau France - ന് 938.70 കോടി രൂപ നിരക്കിൽ (Exd, Provisional Sum & GST) കരാർ 21-06-2025-ൽ ഒപ്പുവയ്ക്കുകയും പ്രവൃത്തി ആരംഭഘട്ടത്തിലുമാണ്. പ്രവൃത്തിയുടെ കാലാവധി 10 വർഷമാണ്. പ്രസ്തുത പദ്ധതിയിൽ കരാറുകാരൻ നിലവിലുള്ള ആസ്തികൾ പ്രവർത്തിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിനോടൊപ്പം ആദ്യവർഷത്തിൽ നിയുക്ത പ്രദേശത്തെ ജല വിതരണ സംവിധാനത്തിന്റെ വിവിധ ഡാറ്റകൾ, ഡിസൈൻ എന്നിവ ശേഖരിച്ച് നൂതനമായ സാങ്കേതികവിദ്യകളുടെ

സഹായത്തോടെ അവ വിലയിരുത്തിയശേഷം, രണ്ടാം വർഷം മുതൽ കൊച്ചി കോർപ്പറേഷൻ പരിധിയിൽ വരുന്ന ജലവിതരണ പൈപ്പുകൾ, കാലപ്പഴക്കം, പരിപാലനചെലവ്, ചോർച്ചയുടെ തോത്, സുരക്ഷിതത്വം (AC പൈപ്പുകൾ) എന്നീ മാനദണ്ഡങ്ങൾ അനുസരിച്ച് മാറ്റിസ്ഥാപിക്കുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ കൊച്ചി കോർപ്പറേഷനിലെ കാലഹരണപ്പെട്ട പൈപ്പ് ലൈനുകളും പമ്പ് ഹൗസുകളും നവീകരിച്ച് ലീക്കിലൂടെയും മറ്റും ഉള്ള ജലനഷ്ടം കുറച്ച് ജലവിതരണം കാര്യക്ഷമമാകാൻ സാധിക്കും. കേരള അർബൻ വാട്ടർ സർവീസസ് ഇപ്രൂവ്മെന്റ് പ്രോജക്ടിൽ മരട് ശുദ്ധീകരണശാലയുടെയും ആലുവയിലെ ജലശുദ്ധീകരണ ശാലയുടെയും നവീകരണവും വിപുലപ്പെടുത്തലും എന്ന പ്രവൃത്തിക്കായി 147 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുവേണ്ടി വിശദമായ DPR കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു. കൂടാതെ ആലുവയിലെ 225 MLD WTP-യുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും കൂടുതൽ ശുദ്ധജലം ഉൽപാദിപ്പിക്കുന്നതിനുമായി പമ്പുകളുടെ പുനരുദ്ധാരണവും അനുബന്ധ പ്രവൃത്തികളും ഉൾപ്പെടുന്ന 28.60 കോടി രൂപയുടെ പ്രവൃത്തി - "State

Plan-2019-20-Interim Augmentation of WSS to Kochi City and Adjoining Panchayats-Urgent measures at 225 MLD Water Treatment Plant, Aluva for improving the drinking water supply to Kochi City and adjoining areas incorporating the essential rehabilitation works-General Work" വിഭാവനം ചെയ്തിട്ടുണ്ട്. ആയതിലേക്കുള്ള ദർഘാസ് സർക്കാരിന്റെ പരിശോധനയിലാണ്. പ്രവൃത്തികൾ എല്ലാം പൂർത്തിയാകുന്നതോടുകൂടി കൊച്ചി നിയോജകമണ്ഡലത്തിലേക്ക് അധികം ജലം ലഭിക്കുന്നതും കൊച്ചിയിലെ രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാൻ കഴിയുന്നതുമാണ്.

**അനുബന്ധം 4**

(4) <u>ശ്രീ. അനൂപ് ജേക്കബ് എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടി</u>

പിറവം നിയോജകമണ്ഡലത്തിലെ തിരുമാറാടി പഞ്ചായത്തിലെ ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി 3714 കണക്ഷൻ ലഭ്യമാക്കുന്നതിനുവേണ്ടി 4,737.56 ലക്ഷംരൂപയുടെ ഭരണാനുമതിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇതിൽ നിലവിൽ 1263 കണക്ഷനുകൾ നൽകുകയും

വിതരണ ശൃംഖലയുടെ 55 ശതമാനത്തോളവും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പിറവം നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിട്ടേഷൻ, തിരുവമ്പാടി പഞ്ചായത്ത് എന്ന പദ്ധതിയിലെ പ്രവൃത്തികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെചേർക്കുന്നു.

1) 200 കണക്ഷൻ കൊടുക്കാനുള്ള ഒന്നാംഘട്ട പ്രവൃത്തിയിൽ 42 കണക്ഷൻ നൽകി. 2.05 കിലോമീറ്റർ വിതരണ ശൃംഖലസ്ഥാപിച്ചു.

2) 147 കണക്ഷൻ നൽകുന്നതിനുള്ള രണ്ടാംഘട്ട പ്രവൃത്തിയിൽ 147 കണക്ഷനുകളും നൽകി. 4.6 കിലോമീറ്റർ വിതരണ ശൃംഖലയും സ്ഥാപിച്ച് പൂർത്തീകരിച്ചു.

3) വിതരണശൃംഖലയുടെ മെച്ചപ്പെടുത്തൽ എന്ന പ്രവൃത്തിയിൽ 15.5 കിലോമീറ്ററിൽ 1.48 കിലോമീറ്റർ വിതരണശൃംഖല സ്ഥാപിച്ച് പ്രവൃത്തി പുരോഗമിച്ചുവരുന്നു.

4) വെട്ടിമൂട്ടിലെ 2.5 ലക്ഷം ലിറ്ററിന്റെ സബ്-കം-പമ്പിന്റെ നിർമ്മാണം എന്ന പ്രവൃത്തിയിൽ 4.5 കിലോമീറ്ററിൽ, 193 കിലോമീറ്റർ ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കുകയും സബ്-കം-പമ്പിന്റെ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.

5) Supplying and Laying Distribution System & FHTC package III എന്ന പ്രവൃത്തിയിൽ 80.62 കിലോമീറ്ററിൽ 47.84 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കുകയും 2714 FHTC-യിൽ 420 FHTC നൽകി പ്രവൃത്തി പുരോഗമിക്കുന്നു.

6) Providing FHTC to Rural Households തിരുവമ്പാടി ഗ്രാമപഞ്ചായത്ത് എന്ന പ്രവൃത്തിയിൽ 4.14 കിലോമീറ്റർ വിതരണ ശൃംഖലസ്ഥാപിച്ച് 654 FHTC നൽകി.

7) മണ്ഡലം മലയിൽ 9 ലക്ഷത്തിന്റെ ഭൂതലജല സംഭരണിയുടെ നിർമ്മാണം എന്ന പ്രവൃത്തിയിൽ 120 HP ക്ലിയർ വാട്ടർ പമ്പ് സെറ്റ് 1.7 കിലോമീറ്റർ ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കലും ഒമ്പത് ലക്ഷം ലിറ്റർ ഭൂതലജല സംഭരണിയുടെ  നിർമ്മാണവുമാണ് ഉൾപ്പെട്ടിട്ടുള്ളത്. കൂടാതെ ഈ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട സ്ഥലത്തിന്റെ ഉടമസ്ഥൻ നൽകിയ WP(C) 2922/2025 നമ്പർ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളിയതിനെത്തുടർന്ന് ഉടമസ്ഥൻ ഫയൽ ചെയ്ത റിട്ട് അപ്പീൽ നമ്പർ WA 2430/202 നിലവിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 30-01-2026-ൽ തള്ളിയിട്ടുള്ളതാണ്. ടാങ്കിനായി കണ്ടെത്തിയവഴി ഉൾപ്പടെ 20 സെന്റ്

സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളുമായി പഞ്ചായത്തിന് മുന്നോട്ടുപോകാവുന്നതാണ്.

**അനുബന്ധം 5**

(5) ശ്രീ. സി. ആർ. മഹേഷ് എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി നൽകിയ മറുപടി

2021-22-ലെ revised ബജറ്റ് പ്രസംഗത്തിൽ തീരദേശ പരിരക്ഷ നടപടികൾ രൂപകല്പന ചെയ്ത് നടപ്പിലാക്കുന്നതിനായി ഒരു ബൃഹത് പദ്ധതി പ്രഖ്യാപിച്ചിരുന്നു. ആയതിന് 5,300 കോടി രൂപ ചെലവ് പ്രതീക്ഷിച്ചിരുന്നു. ലോക ബാങ്ക്, ADB, KIIFB തുടങ്ങിയ വിവിധ സ്രോതസുകളിലൂടെ ഈ പദ്ധതിക്ക് ധനസഹായം ലഭിക്കുമെന്നും ഏറ്റവും ദുർബലമായ പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ആദ്യഘട്ടത്തിന് 1500 കോടി രൂപ വിഹിതം KIIFB നൽകുമെന്നും പ്രഖ്യാപിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ ഇറിഗേഷൻ വകുപ്പ് കേരളത്തിൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന പത്ത് (ഹോട്ട്സ്പോട്ടുകൾ) പ്രദേശങ്ങൾ നിർദേശിച്ചിരുന്നു. ഇറിഗേഷൻ വകുപ്പ് കണ്ടെത്തിയ ഗുരുതരമായ കടലാക്രമണ ഭീഷണി നേരിടുന്ന പത്ത് (ഹോട്ട്സ്പോട്ടുകൾ) പ്രദേശങ്ങളിൽ ഉൾപ്പെടുന്നതാണ് ആലപ്പാട്.

നിലവിലുള്ള കടൽഭിത്തികൾ വളരെമുമ്പ് തന്നെ നിർമ്മിച്ചതിനാൽ രൂക്ഷമായ കടലാക്രമണം മൂലം അവ പൂർണ്ണമായോ ഭാഗികമായോ തകർന്ന നിലയിലാണ്.

ജലസേചന വകുപ്പ് കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി ചെന്നൈ ആസ്ഥാനമായ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ.സി.സി.ആർ.) എന്ന സ്ഥാപനത്തെ സമീപിച്ചു. ചെറിയഴിക്കലിൽ 1600 മീറ്റർ നീളത്തിലും കുഴിത്തുറയിൽ 1591 മീറ്റർ നീളത്തിലും ശ്രായിക്കാട് 1581 മീറ്റർ നീളത്തിലും ബദ്രൻമുക്കിൽ 606 മീറ്റർ നീളത്തിലും ടെട്രാപോഡ് ഉപയോഗിച്ച് (5.378 കിലോമീറ്റർ തീരസംരക്ഷണം) കടൽഭിത്തിയുടെ നിർമ്മാണ പ്രവൃത്തികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കടലാക്രമണ പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര ഇടപെടൽ നടത്തേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് രൂപരേഖ പരിശോധനയ്ക്കും അംഗീകാരത്തിനുമായി എൻ.സി.സി.ആർ.-ലേക്ക് സമർപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ജലസേചന വകുപ്പ് എൻ.സി.സി.ആർ. അംഗീകരിച്ച രൂപരേഖ പ്രകാരമുള്ള ടെട്രാപോഡ് ഉപയോഗിച്ചുള്ള ആലപ്പാട് തീരദേശ സംരക്ഷണ (കടൽഭിത്തി

നിർമ്മാണം) പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ടും എസ്റ്റിമേറ്റ് (₹ 172.50 കോടി രൂപ) സർക്കാരിൽ ലഭ്യമായിട്ടുണ്ട്. തുടർന്ന് പ്രസ്തുത പദ്ധതിക്ക് 17-04-2024-ലെ സ.ഉ. (സാധാ) നമ്പർ 382/2023/ജ.വി.വ. പ്രകാരം പ്രാഥമിക ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ KIIFB ഫണ്ടിങ് വഴിയുള്ള പ്രവൃത്തികൾക്ക് നിലവിൽ മന്ത്രിസഭയുടെ അംഗീകാരം വേണമെന്ന നിബന്ധനയുള്ളതിനാൽ ഈ വിഷയം മന്ത്രിസഭയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതിന് മുന്നോടിയായി ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ അയച്ചിരിക്കുകയാണ്. ധനകാര്യ വകുപ്പിൽനിന്ന് ലഭിക്കുന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**അനുബന്ധം** 6

**(6)** <u>ശ്രീ. എച്ച്. സലാം എം.എൽ.എ.-യുടെ സബ്മിഷന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടി</u>

ദേശീയപാതയ്ക്ക് സ്ഥലം ഏറ്റെടുത്തതിനുശേഷം ബാക്കിയുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ബിൽഡിങ് പെർമിറ്റ് ലഭിക്കുന്നതിന് നാഷണൽ ഹൈവെ അതോറിറ്റിയുടെ അനുമതി വലിയ തുക ഒടുക്കി

എടുക്കേണ്ടിവരുന്നതുമൂലം സാധാരണ കച്ചവടക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളാണ് സബ്മിഷനിലൂടെ ഉന്നയിച്ചത്.

Control of National Highways (Land & Traffic) Act 2002-ലെ സെക്ഷൻ 29 സബ്സെക്ഷൻ (1)&(2) പ്രകാരം ദേശീയപാതയിലേക്കുള്ള പ്രവേശനത്തിന് നിർബന്ധമായും National Highway Authority of India-യിൽനിന്നുള്ള ആക്സസ് പെർമിറ്റ് ലഭ്യമാക്കണം. PWD-NH/NHAI-യുടെ കീഴിലുള്ള എല്ലാ റോഡുകളുടെ കാര്യത്തിലും ഇത് ബാധകമാണ്. കേന്ദ്ര നിയമമായതിനാൽ ഇതിൽ സംസ്ഥാനത്തിന് മാറ്റംവരുത്താൻ കഴിയില്ല. ഇതിന്റെ ഫീ, നടപടിക്രമം എന്നിവ നിശ്ചയിക്കുന്നതും NHAI ആണ്.

എന്നാൽ ദേശീയപാത അതോറിറ്റിയിൽനിന്നുള്ള ആക്സസ് പെർമിറ്റ് ലഭ്യമാക്കാത്തതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നും പെർമിറ്റ് അനുവദിച്ച് ലഭിക്കുന്നില്ലെന്ന് പരാതികൾ സർക്കാരിൽ ലഭിച്ചതിനെ തുടർന്ന്, ദേശീയപാതയുടെ സർവീസ് റോഡുകളുടെ വശത്ത് താമസാവശ്യത്തിനായി വീടുകൾ നിർമ്മിക്കുന്നതിന് NHAI-ൽ നിന്നുമുള്ള ആക്സസ് പെർമിറ്റ് നിഷ്കർഷിക്കേണ്ടതില്ലെന്ന് 12-10-2024-ന് സർക്കാർ നിർദേശം (ആർ.എ.1/427/2024-ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം)

പുറപ്പെട്ടുവിച്ചിരുന്നു. എന്നാൽ ദേശീയപാതയോട് ചേർന്നുള്ള പുതിയ കെട്ടിട നിർമ്മാണങ്ങൾക്ക് പെർമിറ്റ് അനുവദിക്കുന്നതിന് മുമ്പായി National Highway Authority of India (NHAI)-യിൽനിന്നുള്ള ആക്സസ് പെർമിറ്റ് ലഭ്യമാക്കിയിട്ടുണ്ടെന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഉറപ്പുവരുത്തണം എന്നത് സംബന്ധിച്ച NHAI റീജിയണൽ ഓഫീസറുടെ കത്ത് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇത് കേന്ദ്ര സർക്കാർ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരമുള്ള നിയമപരമായ തീരുമാനമാണ്. അതിനാൽ സംസ്ഥാനത്തിന് ഇടപെടാൻ കഴിയില്ല.

ദേശീയപാതയ്ക്ക് സ്ഥലം ഏറ്റെടുക്കുമ്പോൾ നിലവിലുള്ള കച്ചവട സ്ഥാപനത്തിന്റെ ഒരുഭാഗം പൊളിക്കേണ്ടി വരുമ്പോൾ പ്രസ്തുത കെട്ടിടത്തിന് ഘടനാപരമായ മാറ്റം വരുത്തിയിട്ടില്ലെങ്കിൽ (കൂട്ടിച്ചേർക്കലുകൾ) ലൈസൻസ് അനുവദിക്കുന്നതിന് തടസ്സമില്ലാത്തതാണ്.

**അനുബന്ധം 7**

(7) ശ്രീ. എം. എം. മണി എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ മറുപടി

നെടുംങ്കണ്ടം താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയാക്കി ഉയർത്തുന്നതിനായി 8 നിലകൾ വീതമുള്ള ഒ.പി. വിഭാഗത്തിനായി ഒരു കെട്ടിടം, കാഷ്വാലിറ്റി, ഓപ്പറേഷൻ തീയറ്റർ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് മറ്റൊരു കെട്ടിടവും കിഫ്ബിയുടെ ധനസഹായത്തോടെ 149 കോടി രൂപയുടെ ഭരണാനുമതി നൽകി ഹൈറ്റ്സ്-നെ നിർവഹണ ഏജൻസിയായി ചുമതലപ്പെടുത്തി 2019-ൽ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ടി പ്രവൃത്തിക്ക് കിഫ്ബിയിൽനിന്നും 70.03 കോടി രൂപയുടെ ധനാനുമതി ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 19-02-2019-ൽ ബന്ധപ്പെട്ട ഏജൻസിയെ വർക്ക് ഏൽപ്പിക്കുകയുണ്ടായി. നിലവിലെ നിർമ്മാണ പുരോഗതി ഫിസിക്കൽ പ്രോഗ്രസ്-56.5 ശതമാനവും ഫിനാൻഷ്യൽ പ്രോഗ്രസ്-50.5 ശതമാനവുമാകുന്നു. കരാർ എടുത്തിരിക്കുന്ന കുന്നേൽ എഞ്ചിനീയേഴ്സ് ആൻഡ് കൺസ്ട്രക്ഷൻസ് കമ്പനിയുടെ ഭാഗത്തുനിന്നും നിർമ്മാണ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയതായി

കണ്ടെത്തിയിട്ടുള്ളതിനാൽ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും തുടർന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 18-03-2025-ലെ ഇടക്കാല ഉത്തരവ് പ്രകാരം കിഫ്ബി, ഹൈറ്റ്സ്, കരാർ കമ്പനി എന്നിവർ ത്രികക്ഷി കരാറിൽ ഏർപ്പെടുകയും നിർമ്മാണ സാമഗ്രികളുടെ ബിൽ തുക കിഫ്ബിയിൽനിന്നും വിതരണക്കാർക്ക് നേരിട്ട് നൽകുന്ന ക്രമീകരണം ഏർപ്പെടുത്തുകയുണ്ടായി. നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് ബഹുമാനപ്പെട്ട ഉടുമ്പൻചോല എം.എൽ.എ.-യുടെ അധ്യക്ഷതയിൽ മോണിറ്ററിങ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം വിലയിരുത്തിവരുന്നുണ്ട്. കൂടാതെ വിവിധ തലങ്ങളിൽ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. ഇക്കാര്യത്തിൽ പ്രവൃത്തിയുടെ പുരോഗതി നേരിട്ട് വിലയിരുത്തുന്നതിനായി 26-10-2025 തീയതിയിൽ ആരോഗ്യ വകുപ്പുമന്ത്രിയെന്ന നിലയിൽ സന്ദർശിച്ച് മോണിറ്ററിങ് കമ്മിറ്റി വിളിച്ചുചേർത്ത് അവലോകനം നടത്തി നിർമ്മാണം വേഗത്തിലാക്കുന്നതിന് കരാർ കമ്പനിക്ക് കർശന നിർദേശം നൽകിയിട്ടുമുള്ളതാണ്. നിരന്തരമായ ഇടപെടലിന്റെ ഭാഗമായി ഒ.പി. കെട്ടിടത്തിന്റെ നിർമ്മാണം വൈകാതെ പൂർത്തീകരിക്കാൻ കഴിയുന്നതാണ്. പ്രതിദിനം 20-ഓളം തൊഴിലാളികൾ

നിർമ്മാണ സ്ഥലത്ത് ഇപ്പോൾ ജോലി ചെയ്തുവരുന്നുണ്ട്. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ യോഗങ്ങൾകൂടി നിർമ്മാണ പ്രവർത്തനങ്ങൾ കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ നടന്നുവരുന്നുണ്ട്.

നെടുംങ്കണ്ടം താലൂക്കാശുപത്രിയിൽ 23.75 കോടി രൂപ ചെലവഴിച്ച് ക്രിട്ടിക്കൽ കെയർ ബ്ലോക്ക് സ്ഥാപിക്കുന്നതിനാവശ്യമായ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**അനുബന്ധം 8**

**(8)** ശ്രീ. ടി. വി. ഇബ്രാഹിം എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി നൽകിയ മറുപടി

1957-ൽ പബ്ലിക് ഹെൽത്ത് യൂണിറ്റായി പ്രവർത്തനം ആരംഭിച്ച് 2018-ൽ താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തപ്പെട്ട കൊണ്ടോട്ടി താലൂക്ക് ആസ്ഥാന ആശുപത്രി നിലവിൽ കൊണ്ടോട്ടി നഗരസഭയ്ക്ക് കീഴിൽ 1.20 ഏക്കർ സ്ഥലത്ത് സ്ഥിതിചെയ്യുന്നു.

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ആർദ്രം ദൗത്യരേഖ മാനദണ്ഡമായി സ്വീകരിച്ചുകൊണ്ട് ആരോഗ്യ സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ ഘട്ടംഘട്ടമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ഉൾപ്പെടെ ആരോഗ്യമേഖലയെ ശാക്തീകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ആയതിന്റെ ഭാഗമായി ആർദ്രം പദ്ധതി പ്രകാരം വിവിധ വിഭാഗങ്ങളിലായി 16 തസ്തികകളും 27-08-2025-ലെ സ.ഉ.(കൈ) നം.299/2025/ആ.കു.വ പ്രകാരം ഒരു അസിസ്റ്റന്റ് ദന്തൽ സർജൻ തസ്തികയും സൃഷ്ടിക്കുകയുണ്ടായി. നിലവിൽ 25 വിഭഗങ്ങളിലായി 60 തസ്തികളിൽ സ്ഥിരം ജീവനക്കാർ ജോലിചെയ്യുന്നു. ഇതിനുപുറമെ എൻ.എച്ച്.എം., എച്ച്.എം.സി, കാസ്പ്, എൽ.എസ്.ജി.ഡി. വഴി നിയമിക്കപ്പെട്ട താൽക്കാലിക ജീവനക്കാരും ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. 29 കിടക്കകളുള്ള ഈ ആശുപത്രിയിൽ ഇപ്പോൾ 24 മണിക്കൂറും കിടത്തി ചികിത്സയും കാഷ്വാലിറ്റിയും പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യ വകുപ്പിനുകീഴിലുള്ള വിവിധ ആശുപത്രികളിൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമായി ജില്ലാതല ആശുപത്രികളിൽ അവശ്യംവേണ്ടുന്ന സൂപ്പർ സ്പെഷ്യാലിറ്റി

വിഭാഗത്തിലുള്ള തസ്തികകളും 2025-ൽ കിഫ്ബി, നബാർഡ് മുഖേനയുള്ള മാസ്റ്റർപ്ലാൻ നിർമ്മാണം പൂർത്തിയാകാറായ സ്ഥാപനങ്ങളിലുമാണ് 23-12-2025-ലെ സ.ഉ.(കൈ)നം. 436/2025/ആ.കു.വ പ്രകാരം 202 ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിച്ചത്.

കൊണ്ടോട്ടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള ആധുനിക സൗകര്യങ്ങളുള്ള കെട്ടിടത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ആയത് പൂർത്തിയാകുന്നമുറയ്ക്ക് ഗ്യാപ് അനാലിസിസ് നടത്തി അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് അനിവാര്യമായ നടപടി സ്വീകരിക്കുന്നതാണ്.

**അനുബന്ധം 9**

(9) ശ്രീ. പി. നന്ദകുമാർ എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടി

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പൊന്നാനി കേബിൾ സ്റ്റേയിഡ് പാലം നിർമ്മാണത്തിന് 280.09 കോടി രൂപയുടെ DPR-ന് അംഗീകാരം നൽകിയിരുന്നു.

പദ്ധതിക്കുള്ള CRZ അനുമതി ലഭിക്കുകയും സ്ഥലമേറ്റെടുപ്പിനായി 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തു. പാരിസ്ഥിതിക ആഘാത പഠനത്തിനുശേഷം 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. തുടർന്ന് സർവെ പ്രവൃത്തികളും കെട്ടിടങ്ങളുടെ നഷ്ടപരിഹാരം കണക്കാക്കുന്ന പ്രവൃത്തികളും പൂർത്തിയാക്കി. ലാൻഡ് അക്വിസിഷൻ തഹസിൽദാർ ആവശ്യപ്പെട്ടതുപ്രകാരം ഏറ്റെടുക്കുന്ന സ്ഥലത്തിനും കെട്ടിടങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനായി 25-03-2025-ന് 38,17,75,994 രൂപ അനുവദിച്ചു. 2021 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം എസ്റ്റിമേറ്റ് പുതുക്കുകയും 3,57,09,11,740/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകാരത്തിനായ് KIIFB-യിൽ സമർപ്പിക്കുകയും ചെയ്തു. പദ്ധതിക്ക് ആവശ്യമായ സ്ഥലവും കെട്ടിടങ്ങളും ഏറ്റെടുക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും തഹസിൽദാർ പൂർത്തിയാക്കുകയും ചെയ്തു. ഈ സമയത്താണ് കേരള മാരിടൈം ബോർഡിന്റെ പുതിയ പദ്ധതിയായ Development of Ponnani Maritime and Industrial Hub Malappuram പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് അറിയിച്ചത്. പ്രസ്തുത മാരിടൈം പദ്ധതി നിലവിൽ cable stayed bridge വിഭാവനം ചെയ്യുന്ന അലൈൻമെന്റിനോട് ചേർന്ന്

പൊന്നാനി ഭാഗത്തായിട്ടാണുള്ളത്. ഈ സാഹചര്യത്തിൽ കിഫ്ബി നേതൃത്വത്തിൽ ഉന്നതതല യോഗം ചേരുകയും അലൈൻമെന്റ് പുനഃപരിശോധിക്കാൻ തീരുമാനിക്കുകയും ചെയ്തു. 09-01-2026-ന് മാരിടൈം ബോർഡ്, ഹാർബർ എഞ്ചിനീയറിങ്, RBDCK, KIIFB എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിക്കുകയും മാരിടൈം പദ്ധതിക്കായി നിർദ്ദിഷ്ട പാലം അലൈൻമെന്റ് ചുരുങ്ങിയത് 120m കിഴക്കുഭാഗത്തേക്കായി മാറ്റേണ്ടതുണ്ടെന്ന് അറിയിക്കുകയും ചെയ്തു. തുടർന്നുനടന്ന മീറ്റിങ്ങിൽ മൂന്ന് പുതിയ അലൈൻമെന്റുകൾ തയ്യാറാക്കി അവതരിപ്പിക്കുകയും അലൈൻമെന്റ് സംബന്ധിച്ച തീരുമാനം കൈക്കൊണ്ട് അറിയിക്കാൻ വിവിധ വകുപ്പുകളോട് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. അലൈൻമെന്റ് സംബന്ധിച്ച് അന്തിമതീരുമാനമെടുക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ ഉദ്യോഗസ്ഥർക്ക് പ്രത്യേകം നിർദേശം നൽകിയിട്ടുണ്ട്.

**അനുബന്ധം 10**

(10) <u>ശ്രീ. എ. പി. അനിൽകുമാർ എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടി</u>

വണ്ടൂർ നിയോജകമണ്ഡലത്തിലെ ലെവൽ ക്രോസ് No. 10-ലെ വാണിയമ്പലം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിന് ആർ.ബി.ഡി.സി.കെ-യെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ ആവശ്യംകൂടി പരിഗണിച്ച് പാലത്തിന്റെ നിർമ്മാണം 100 ശതമാനം റെയിൽവേ ഫണ്ട് വിനിയോഗിച്ചുള്ള സ്കീമിൽ ഉൾപ്പെടുത്തി അത്തരം പ്രവൃത്തികൾ ചെയ്യുന്ന കെ.ആർ.ഡി.സി.എൽ-നാണ് നിർമ്മാണ ചുമതല നൽകിയിരിക്കുന്നത്. വാണിയമ്പലം റെയിൽവേ മേൽപാലത്തിന്റെ ജി.എ.ഡി.-യ്ക്ക് 12-12-2025-ൽ റെയിൽവേ അംഗീകാരം നൽകിയിട്ടുണ്ട്. റെയിൽവേ ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ഭൂമിയേറ്റെടുക്കലും നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിക്കാൻ സാധിക്കും.